• നിരീക്ഷണം




**ആണവക്കരാർ സംബന്ധമായി നടന്ന വിശ്വാസവോട്ടിലേയ്ക്ക് നയിച്ച കുതിരക്കച്ചവടത്തേയും ജനാധിപത്യത്തെ അങ്ങേയറ്റം കളങ്കപങ്കിലമാക്കുംവിധം നടന്ന അപചയത്തെയും കുറിച്ച് മേധാപട്കർ വിലപിക്കുകയും പ്രാതിനിധ്യത്തിന്റെ ജനാധിപത്യം തിരിച്ചെത്തേണ്ട സമയമായതായി വാദിക്കുകയും ചെയ്യുന്നു.**

# അക്കങ്ങളുടെ ജനാധിപത്യം

മേധാപട്ക്കർ

അക്കങ്ങളുടെ കളി ഇതിലും നീചമായി മാറിയ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ല. തിരഞ്ഞെടുപ്പു രാഷ്ട്രീയം വിലയില്ലാത്തതും അവസരവാദപരവുമായ ഗണിതമാണെന്നതിൽ കവിഞ്ഞ് യാതൊന്നുമല്ല എന്ന് ഇതിനകം തെളിഞ്ഞിരിക്കുകയാണ്. സ്ഥാനാർത്ഥികളും, രാഷ്ട്രീയകക്ഷികളും ജനപ്രതിനിധികളും എല്ലാം തന്നെ ഭാരതത്തിന്റെ സമ്മതിദാനച്ചന്തയിൽ രാഷ്ട്രീയമൂല്യങ്ങളറ്റ കേവലമൊരു കളിയാക്കി മാറ്റിക്കൊണ്ട് കച്ചവടം ചെയ്യപ്പെടുകയാണ്.

കഴിഞ്ഞ ഒരാഴ്ചയായി ഭാരതത്തിലെ ജനകോടികൾക്കിടയിലേയ്ക്ക് ഏകദേശം എല്ലാ രാഷ്ട്രീയകക്ഷികളും അയച്ചുകൊണ്ടിരിക്കുന്ന അഖണ്ഡമായ സന്ദേശം ഇതുതന്നെയായിരുന്നു. ലക്ഷക്കണക്കിന് ദളിതർ, ആദിവാസികൾ, കർഷകതൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, സ്ത്രീകൾ എന്നിങ്ങനെ സാമൂഹികമായും സാമ്പത്തികമായും, രാഷ്ട്രീയപരമായും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെല്ലാം എന്നിട്ടും അവരുടെ പ്രതിനിധികളിൽ വിശ്വാസമർപ്പിക്കുന്നു. അവർക്കായി സമ്മതി നൽകുന്നതു തുടരുന്നു; അവരുടെ കാഴ്ചപ്പാടുകളെയല്ലെങ്കിലും വാഗ്ദാനങ്ങളെയെങ്കിലും വിശ്വാസത്തിലെടുത്തുകൊണ്ട്, ഭാരതത്തിന്റെ രാഷ്ട്രീയ സമർത്ഥനങ്ങളോടുള്ള അവരുടെ പ്രകടനപത്രികകൾ (ഒരുപക്ഷെ യാഥാർത്ഥ്യമായില്ലെങ്കിലും) വെളിവാക്കുന്ന ഈ വിശ്വാസം ഒരിക്കൽകൂടി തകർത്തെറിയപ്പെട്ടിരിക്കുന്നു. പൊയ്മുഖങ്ങളും നടപടിക്രമങ്ങളും പൊതുസമക്ഷം സാക്ഷ്യത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ആണവക്കരാറിന് അനുകൂലമായോ എതിരായോ ആരംഭം കുറിച്ച ഈ പ്രക്രിയ ഇന്ന് ഏകദേശം എല്ലാ കക്ഷികളും അണിതിരിയുകയും രാഷ്ട്രീയസഖ്യങ്ങളും സൂത്രവാക്യങ്ങളെ പുനരവലോകനം ചെയ്യുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ 'തമാശ'യായി മാറിയിരിക്കുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ ധ്രുവീകരണങ്ങൾ ആണവകരാർ സംബന്ധമായതുമാത്രമല്ലെന്നു വാദിക്കപ്പെടുമ്പോഴും കരാറിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനായി ജനാധിപത്യത്തിന്റെ സർവ്വ മൂല്യങ്ങളെയും പണയം ചെയ്തുകൊണ്ടുള്ള മുഖ്യ കാര്യക്രമമായി അതു മാറിയെന്നത് നമുക്ക് കണ്ടില്ലെന്നു നടിക്കാൻ കഴിയുന്ന ഒന്നല്ല.

ചില വിശ്വാസപ്രമാണങ്ങളുടെ ജനപ്രിയ പരിവേഷമുള്ള കക്ഷികൾപോലും "സംഖ്യകമായ വിജയം" നേടിത്തരുവാൻ ഉതകുന്നവയല്ലെങ്കിൽ ആ തത്ത്വസംഹിതകളോ ജനങ്ങളുടെ പ്രശ്നങ്ങളോ വെറും നിസാരമാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ആണവകരാർ ഒരു പ്രഹസനമായി മാറിയിട്ടും എന്തു വില കൊടുത്തും അതുമായി മുന്നോട്ടു പോകുക എന്നത് കോൺഗ്രസ് നിർബന്ധമായെടുക്കുന്നു. അതേസമയം അവരുടെ പുതിയ 'ബന്ധുക്കൾ', ആണവോർജ്ജത്തിന്റെ കെടുതികൾ പോകട്ടെ, ഭാരതത്തിന്റെ അഖണ്ഡതയേയോ ദേശീയ താല്പര്യങ്ങളേയോ കുറിച്ച് തരിശുപോലും വിലകൽപിക്കാതെയുമിരിക്കുന്നു. ഒന്നോ രണ്ടോ മന്ത്രിക്കസേരകൾ പിടിച്ചെടുക്കാൻ വേണ്ടി, ഇപ്പോഴും നിലനിൽക്കുന്നുവെന്ന് നാമേവരും

വൃഥാ വിശ്വസിച്ച മൂല്യങ്ങളെയെല്ലാം കാറ്റിൽ പറത്തുന്നതിൽ പോലും തൃപ്തി കണ്ടെത്തുന്നവരായി അവർ മാറിയിരിക്കുന്നു. രാഷ്ട്രീയകക്ഷികളുടെ അബദ്ധജഡിലവും വിലകെട്ടതുമായ ഇത്തരം കരണംമറിച്ചിലുകൾ ജനാധിപത്യത്തിന്റെ നിന്ദ്യമായ ഉല്ലംഘനമാകുമ്പോൾ പല വിഭാഗങ്ങളും ഇത്തരം അവസരപ്രേരിതമായ മാറ്റങ്ങളെ സ്വാഗതം ചെയ്യുന്നില്ല.

ആണവകരാർ സംബന്ധമായി ഇടതു കക്ഷികൾ ഇന്നുവരെ സുസ്ഥിരമായ നിലപാടെടുത്തിട്ടുണ്ടെങ്കിലും തുല്യഗൗരവമുള്ള ആണവോർജ്ജത്തേയും അനുബന്ധ വിഷയങ്ങളേയും സംബന്ധിച്ച് അവർ ഇപ്പോഴും വ്യക്തമായ നിലപാടുകൾ എടുത്തിട്ടില്ല.

ഭാരതതലസ്ഥാനത്ത് അതിബൃഹത്തായ തിരഞ്ഞെടുപ്പു നാടകം ഉടൻതന്നെ, ഒരുപക്ഷെ നാളെതന്നെ പരിസമാപ്തിയിലെത്തി പത്രങ്ങളിലെ തലവാചകമായേക്കാം. ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ കോൺഗ്രസ്സിനു കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിൽ പ്രധാനമന്ത്രി ഇതിനോടകംതന്നെ 'പരിഷ്കരണം' എന്ന അദ്ദേഹത്തിന്റെ പ്രിയപ്പെട്ട അജണ്ടയുമായി മുന്നോട്ടു പോകാനുള്ള ആഗ്രഹം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇപ്രാവശ്യം ഇൻഷുറൻസ്, ബാങ്കിംഗ്, പെൻഷൻ മേഖലകളിലെ പരിഷ്കാരങ്ങൾ. രാഷ്ട്രീയത്തിന്റെ ഈ ഊരാക്കുടുക്കിൽ നമ്മുടേതു പോലുള്ള ജനമുന്നേറ്റങ്ങൾക്ക് ഇത്തരം കാതലായ പ്രശ്നങ്ങളെ അവഗണിക്കാനാവില്ല.

ഈ നാടകങ്ങൾക്കെല്ലാമിടയിൽ ജനങ്ങളും യാഥാർത്ഥ്യവും സമ്മർദ്ദകവുമായ പ്രശ്നങ്ങൾ, അവ അനിയന്ത്രികമായ വിലകയറ്റമോ ഉയർന്നുവരുന്ന സാമുദായിക വാദമോ, മതതീവ്രവാദമോ, പ്രാദേശികതയോ, കുത്തകകളുടെ ഭൂമി, ജലം, മറ്റ് പ്രകൃതിവിഭവങ്ങൾ എന്നിവയ്ക്കെതിരെയുള്ള ചൂഷണങ്ങളും പരിഷ്കരണങ്ങളുടെ മറവിൽ നടത്തപ്പെടുന്ന അബദ്ധങ്ങളോ എന്തുമാകട്ടെ അവയെല്ലാം പാർശ്വവൽക്കരിക്കപ്പെടുമ്പോഴും വ്യത്യസ്ഥതലങ്ങലിൽ ഇതേ കക്ഷികൾതന്നെ ഇതേ വിഷയങ്ങൾ സജീവമായിത്തന്നെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

രാഷ്ട്രീയകക്ഷികളുടെ ഇത്തരം വേഗതയേറിയതും മൂല്യശോഷിതവുമായ നീക്കങ്ങൾക്കിടയിൽ ജനങ്ങളുടെ മുന്നേറ്റങ്ങൾ ജുഗുപ്ത്സാവഹമായ തിരരഞ്ഞെടുപ്പു ചൂതാട്ടത്തെ വ്യത്യസ്തമായ ജനപ്രാതിനിധ്യസ്വഭാവങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ശക്തമായി പ്രതിരോധിക്കുന്നതിനുള്ള തന്ത്രങ്ങൾ പുനരവലോകനം ചെയ്തുകൊണ്ടിരിക്കുകയാണ്.

രാഷ്ട്രീയ കക്ഷികളുടെ ഏകവിഷയബന്ധിതമായ നയപരിപാടികളിൽനിന്നും വ്യത്യസ്തമായ നാനാവിഷയപ്രാധാന്യവും പരിണാത്മകവും സ്വയം പര്യാപ്തവുമായ പ്രവർത്തന അജണ്ടകൾ നാം മുന്നോട്ടുവെയ്ക്കുകയും അന്താരാഷ്ട്ര സംഘടനകളായ ലോകബാങ്ക്, ഡബ്ല്യൂ. ടി.ഒ എന്നിവയുമായുള്ള എല്ലാ ഇടപാടുകളും അവസാനിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പൊതുജനമുന്നേറ്റങ്ങൾ ഭാവിയിലെ പൊതുപ്രശ്നങ്ങളേയും മുന്നേറ്റങ്ങളേയും മുൻനിർത്തി കൂട്ടായ്മ, സത്യസന്ധതയോടുകൂടി വികസിപ്പിക്കുവാനും ലക്ഷ്യത്തിൽ എത്തിക്കാനുമായി നമ്മെ ശക്തിപ്പെടുത്തുവാനുമുള്ള സമയമായിരിക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത മൂല്യങ്ങളേയും അടിസ്ഥാന അവകാശങ്ങളോടുള്ള നീക്കുപോക്കില്ലായ്മയും മുൻ നിർത്തിയുള്ള ജനപ്രക്ഷോഭങ്ങളോടുള്ള നമ്മുടെ അനുഭാവം ഉറപ്പിച്ചു കൊണ്ട്, രാജ്യം നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെ പരമപ്രധാനമായി കണ്ടുകൊണ്ട്, ബഹുഭൂരിപക്ഷം വരുന്ന കർഷകതൊഴിലാളികൾ, അസംഘടിത തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മറ്റുള്ളവർ എന്നിങ്ങനെ ബാധിക്കപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും നമ്മൾ മുൻഗണന കൊടുക്കേണ്ടതാണ്.

ജാതി ലിംഗ ഭേദങ്ങളെ എതിർത്തു കൊണ്ടുള്ള വികേന്ദ്രീകൃതവും, ജനാധിപത്യപരവുമായ പുരോഗതി എന്ന ജനങ്ങളുടെ അവകാശ സംരക്ഷണമെന്നത് മനുഷ്യവിഭവസംരക്ഷണം മുൻനിർത്തിയുള്ള നമ്മുടെ പരമപ്രധാനമായ വിഷയമാണ്.

ജനമുന്നേററങ്ങളുടെ ഈ ദേശീയ കൂട്ടായ്മ ഈ സംഭവങ്ങളിലുള്ള അവരുടെ വേദനയും വിയോജിപ്പും പ്രകടിപ്പിക്കുന്നതോടൊപ്പം രാഷ്ട്രീയകക്ഷികളെ അവർ ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകിയിരുന്ന വാഗ്ദാനങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അക്കങ്ങളുടെ ഈ വിനോദത്തെ മാറിനിന്ന് നോക്കിക്കാണുമ്പോഴും ഈ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഇത്തരം രാഷ്ട്രീയയന്ത്രവൽകരണങ്ങളെ അനുകൂലിക്കുകയോ ആഗ്രഹിക്കുകയോ പോലും ചെയ്യില്ലെന്ന് ഞങ്ങൾ ശക്തമായി വിശ്വസിക്കുന്നു. ഭാരതത്തിലെ വിവിധങ്ങളായ പൊതുജനപ്രക്ഷോഭങ്ങൾക്ക് രാഷ്ട്രീയകക്ഷികളെ അവയെന്താണെന്ന് നോക്കിക്കാണുന്നതിനുള്ള ഒരാഹ്വാനമാണിത്. അതോടൊപ്പം തന്നെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ സാംസ്കാരിക അവകാശങ്ങൾക്കും ഇടങ്ങൾക്കും വേണ്ടിയുള്ള അവകാശസമരം അരാഷ്ട്രീയജനതയുടെ രാഷ്ട്രീയത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന പ്രധാനവും അനിവാര്യവുമായ ഒരു പക്ഷാന്തരമായി ഞങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

medha@narmadha.org

വിവർത്തനം : അഥീന സുന്ദർ
ക്ലാസ്സ് എട്ട്, സൽസബീൽ ഗ്രീൻ സ്കൂൾ, കിരാലൂർ, തൃശൂർ

books ' magazines ' periodicals
BYWORD BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books